MR. PAUL THALIATH : അത് ഏതു നിലയിലാണ്.

HON'BLE MR. T. K. NARAYANA PILLAI : ഔദ്യോഗിക നിലയിൽ തന്നെ.

MR. PAUL THALIATH : രേഖാമൂലമാണോ ?

HON'BLE MR. T. K. NARAYANA PILLAI : അല്ലെന്നു ഞാൻ മുമ്പു തന്നെ പറഞ്ഞു.

MR. PAUL THALIATH : ഇങ്ങിനെ രേഖാമൂലമായി റിപ്പോർട്ട് സമർപ്പിക്കാതിരുന്നതു് ശരിയാണോ ?

HON'BLE MR. T. K. NARAYANA PILLAI : ഗവണ്മെൻറിൽ നിന്നും കമ്പനിയുടെ പ്രവർത്തനത്തെപ്പറ്റി അപ്പോഴപ്പോൾ അവരിൽ നിന്നു അറിഞ്ഞുകൊണ്ടിരിക്കുകയാണ്. ഒരു റിപ്പോർട്ടും ലഭിച്ചിട്ടില്ല.

MR. PAUL THALIATH : അതുകൊണ്ടു കമ്പനി ശരിയായ പ്രവർത്തനം നടത്തുന്നുണ്ടെന്നാണോ പറയുന്നതു്.

HON'BLE MR. T. K. NARAYANA PILLAI : അല്ലെങ്കിൽ തന്നെ ശരിയായി പ്രവർത്തിക്കുന്നതിനു ആവശ്യമായ നടപടികൾ ഗവണ്മെൻറിൽ നിന്നും എടുത്തുകഴിഞ്ഞിട്ടുണ്ട്. അവരുടെ മാനേജരായിരുന്ന ശ്രീ ബാലനെ ജോലിയിൽ നിന്നും മാറ്റി തിരുവിതാംകൂർ ഗവണ്മെൻറുദ്യോഗസ്ഥന്മാരിൽ ഒരാളായ അസിസ്റ്റൻറ് ഫാസ്റ്റ് കാൺസർവേറ്റർ മി. ശ്രീധരൻ പിള്ളയെ മാനേജരായി ജോലിനോക്കുന്നതിനു നിയമിച്ചിട്ടുണ്ട്. അദ്ദേഹത്തിൻറെ മേലധികാരത്തിൽ പ്രവർത്തനം നടത്തിക്കൊള്ളാമെന്നും അവിടത്തെ മാനേജ്മെൻറ് സമ്മതിച്ചിട്ടുമുണ്ട്. അങ്ങനെ അദ്ദേഹത്തെ നിയമിച്ചശേഷം കമ്പനി കൂടുതൽ കാര്യക്ഷമമായി നടത്തുന്നു എന്നാണ് പ്രതീക്ഷിക്കുന്നതു.

MR. PAUL THALIATH : അപ്പോഴും ഇതുവരെ ശരിയായി പ്രവർത്തിച്ചിട്ടില്ലാ എന്നാണോ പറയുന്നതു്.

HON'BLE MR. T. K. NARAYANA PILLAI: അങ്ങനെ പറയാൻ തയാറില്ല.

Supply of Electricity to Parassala.

*600. MR. N. DANIEL JOSE ; Will the Hon'ble Minister for Electricity be pleased to state whether he has received any representation from the people of Parassala regarding the supply of electricity to that area and if so what action has been taken ?

HON'BLE MR. K. R. ELANKATH : നിവേദനം ലഭിച്ചിട്ടുണ്ട്. അതിന്മേൽ ഉത്തരവു് പാസ്സാക്കിയിട്ടുണ്ട്. എന്നാൽ സാമഗ്രികളുടെ അഭാവംകൊണ്ടു അതു് നടപ്പിൽ വരുത്തിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly